**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1655** **17.06.2013-ൽ മറുപടിയ്ക്ക്**

**കേരളത്തിൽ നടത്തുന്ന ദേശീയ ഗെയിംസ്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി** | **ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) കേരളത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന ദേശീയ ഗെയിംസിന്റെ ഒരുക്കങ്ങൾ എത്രത്തോളമെത്തി എന്ന് വിശദമാക്കുമോ; | (എ) 35-ാമത് ദേശീയ ഗെയിംസ് 2014 ഫെബ്രുവരിയിൽ നടത്താമെന്നുള്ള പ്രതീക്ഷയോടെ തയ്യാറെടുപ്പുകൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 10 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 14 സ്റ്റേഡിയങ്ങളുടെ നവീകരണവും 2013 ഡിസംബർ മാസത്തോടെ പൂർത്തിയാക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനുപുറമെ, കാര്യവട്ടത്ത് അന്താഷ്ട്രനിലവാരമുള്ള ഒരു ഹരിതപ്രതല സ്റ്റേഡിയവും നിർമ്മിക്കുന്നുണ്ട്. ദേശീയ ഗെയിംസ് സംഘാടക സമിതിയുടെ കീഴിൽ 20 സബ് കമ്മിറ്റികളും 7 പ്രാദേശിക കമ്മിറ്റികളും പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു. ദേശീയ ഗെയിംസ് സംഘാടകസമിതിയുടെ സുഗമമായ പ്രവർത്തനത്തിന് സഹായിക്കുന്നതിന് 27 പേർ അടങ്ങുന്ന എക്സിക്യൂട്ടീവ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്.<br>കായികതാരങ്ങളെയും ഒഫീഷ്യൽസിനേയും താമസിപ്പിക്കുന്നതിനുള്ള ഗെയിംസ് വില്ലേജ് പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ഇതിനായി തിരുവനന്തപുരത്ത് കഴക്കൂട്ടത്തിനടുത്ത് മേനംകുളത്ത് സിഡ്കോയുടെ ഉടമസ്ഥതയിലുള്ള 28 ഏക്കർ സ്ഥലം സർക്കാർ നാഷണൽ ഗെയിംസിനായി കൈമാറിയിട്ടുണ്ട്. ഗെയിംസ് വില്ലേജ് 2013 ഡിസംബറോടുകൂടി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഇതിന് ഏതെല്ലാം സ്റ്റേഡിയങ്ങൾ ഇതിനകം നന്നാക്കിയെന്നും ബാക്കി ഏതെല്ലാം നന്നാക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (ബി വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ദേശീയ ഗെയിംസിനുള്ള തീയതി തീരുമാനിച്ചിട്ടുണ്ടോ ? | (സി) അന്തിമതീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**നിർമ്മാണ പ്രവർത്തനങ്ങളുടെ 31.05.2013 വരെയുള്ള പുരോഗതിയും,**
**2013 ജൂൺ മാസം പ്രതീക്ഷിക്കുന്ന പുരോഗതിയും**

| ക്രമ നമ്പർ | സ്റ്റേഡിയം | 2013 മേയ് മാസം |
|---|---|---|
| | **നവീകരണ പ്രവർത്തനങ്ങൾ** | |
| 1. | കാർഷിക കോളേജ് ഇൻഡോർ ഹാൾ, വെള്ളായണി, തിരുവനന്തപുരം | ഫ്ളോറിംഗ് പണി തുടങ്ങി. ഇലക്ട്രിക്കൽ പണികൾ പൂർത്തിയാകാറായി. |
| 2. | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം | 95% |
| 3. | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം | അധികമായി ചെയ്യേണ്ടിവന്ന പണി ആരംഭിച്ചു. |
| 4. | വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | 95% |
| 5. | **വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്** | **100%** |
| 6. | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ, തിരുവനന്തപുരം | അഡീഷണൽ വർക്ക് ടെണ്ടർ ചെയ്തു. |
| 7. | പിരപ്പൻകോട് നീന്തൽക്കുളം, തിരുവനന്തപുരം | അഡീഷണൽ വർക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി. |
| 8. | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ | ബേസ്മെന്റ് ഫ്ളോറിന്റെ സ്ട്രക്ചറിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഗ്രൗണ്ട് ഫ്ളോർ റൂഫിന്റെ ഷട്ടറിംഗിന്റെ പണികൾ പുരോഗമിക്കുന്നു. |
| 9. | **യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം** | **100%** |
| 10. | കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് | 20% |
| 11. | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി, എറണാകുളം | എസി കണ്ടൻസർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നിലവിലുള്ള സ്റ്റെയർ കേസുകൾ പൊളിച്ചുമാറ്റുന്ന പണി പൂർത്തിയായിട്ടുണ്ട്. ബാത്റൂമിലെ പ്ലംബിംഗ് പണികളും പൂർത്തിയാകും |
| 12. | കേരള വാട്ടർ അതോറിറ്റി നീന്തൽകുളം, വെള്ളയമ്പലം, തിരുവനന്തപുരം | എഗ്രിമെന്റ് വെച്ച് പണി തുടങ്ങി |

| | | |
|---|---|---|
| 13. | ശംഖുമുഖം ഇൻഡോർ ഹാൾ (ഐ.ആർ.സി), തിരുവനന്തപുരം | 100% |
| 14. | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | 90% |
| | **പുതിയ സ്റ്റേഡിയങ്ങൾ** | |
| 1. | ഇൻഡോർ സ്റ്റേഡിയം, തൃപ്രയാർ, തൃശ്ശൂർ | ടെണ്ടർ നോട്ടീസ് അപ്പ്‌ലോർഡ് ചെയ്തു. |
| 2. | എൽ.എൻ.സി.പി.ഇ കാര്യവട്ടം, തിരുവനന്തപുരം (ടി വർക്ക് CPWD യാണ് ചെയ്യുന്നത്) | |
| 3. | ന്യൂ ഹോക്കി സ്റ്റേഡിയം, കൊല്ലം | പണി പുനരാരംഭിച്ചു. ഒന്നാം നില യുടെ സ്ലാബ് വാർത്തു. |
| 4. | ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ | 20% കോളത്തിന്റെ പി.സി.സി. വർക്കും 12% ആർ.സി.സി വർക്കും പൂർത്തിയായി. |
| 5. | ന്യൂ ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ് ഗ്രൗണ്ട്, കോഴിക്കോട് | 99% പൂർത്തിയായി. ടർഫിന്റെ നിർമ്മാണത്തിനു വേണ്ടിയുള്ള ടെണ്ടർ വിളിച്ചു. വർക്ക് അവാർഡ് ചെയ്തു. |
| 6. | ഷൂട്ടിംങ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം | പണി പുനരാരംഭിച്ചു. |
| 7. | ലോൺ ബോൾ കോർട്ട്, കൊച്ചി, എറണാകുളം | ടെണ്ടർ വിളിച്ചു |
| 8. | ട്രാപ് ആന്റ് സ്കീറ്റ് ഔട്ട്ഡോർ ഷൂട്ടിംഗ് റേഞ്ച്, മൂക്കുന്നിമല, തിരുവനന്തപുരം | റീ സർവ്വേ വർക്ക് കഴിഞ്ഞു. കരാറുകാരൻ എഗ്രിമെന്റ് വച്ചു. |
| 9. | സ്ക്വാഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, പാളയം, തിരുവനന്തപുരം | 20%. |
| 10. | ട്രിവാൻഡ്രം ടെന്നീസ് കോംപ്ലക്സ്, കുമാരപുരം, തിരുവനന്തപുരം | 10% |
| | **ഗ്രീൻഫീൽഡ് സ്റ്റേഡിയം** | |
| 1. | ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം | 35% |

സെക്ഷൻ ഓഫീസർ